# പതിമൂന്നാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ : 113 | 20.03.2012 -ൽ മറുപടിയ്ക്ക്

**പിന്നോക്കക്ഷേമ വികസന കോർപ്പറേഷൻെറ കീഴിലുള്ള പദ്ധതികൾ**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.പാലോട് രവി<br>ശ്രീ.വി.പി.സജീന്ദ്രൻ<br>ശ്രീ.സണ്ണി ജോസഫ്<br>ശ്രീ.എം.എ.വാഹീദ് | ശ്രീ. എ.പി.അനിൽകുമാർ<br>(ബഹു: പട്ടികജാതി -പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) |
| (എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം പിന്നോക്ക ക്ഷേമ വികസന കോർപ്പറേഷൻ വഴി നടപ്പിലാക്കിയ പദ്ധതികൾ വിശദമാക്കാമോ; | (എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം കേരള സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ നിലവിലുള്ള താഴെപറയുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നു.<br>1) സ്വയം തൊഴിൽ വായ്പ<br>2) ന്യൂസ്വർണ്ണിമ വായ്പ<br>3) ലഘു വായ്പ (Micro Finance)<br>4) വിദ്യാഭ്യാസ വായ്പ<br>5) വിദേശത്ത്ജോലിനേടിപോകുന്ന-വർക്കുള്ള വായ്പ<br>6) പെൺകുട്ടികളുടെ വിവാഹ വായ്പ<br>7) വിദ്യാർത്ഥികൾക്ക് കമ്പ്യൂട്ടർ വായ്പ<br>8) ഉദ്യോഗസ്ഥർക്കുള്ള ഇരുചക്ര വാഹന വായ്പ<br>9) ഉദ്യോഗസ്ഥർക്കുള്ള കൺസ്യൂമർ ഡ്യൂറബിൾ വായ്പ<br>10) സ്വസ്ഥഗൃഹ വായ്പ<br>11) സുവർണ്ണശ്രീ വായ്പ<br>12) പ്രവർത്തന മൂലധന വായ്പ<br>13) ഭവനശ്രീ വായ്പ<br>14) വിദ്യാശ്രീ വായ്പ<br>ഈ പദ്ധതികൾക്കു പുറമേ സാക്ഷം, മഹിള സമൃദ്ധി യോജന, ശില്പ് സമ്പദ, കൃഷി സമ്പദ തുടങ്ങിയ പുതിയ പദ്ധതികൾ കൂടി നടപ്പിലാക്കിവരുന്നു. |

| | | | |
|---|---|---|---|
| (ബി) | പ്രസ്തുത പദ്ധതി പ്രകാരം എത്ര ഗുണഭോക്താക്കൾക്ക് എന്ത് തുക വിതരണം ചെയ്യുവെന്ന് പറയാമോ; | (ബി) | മേൽ പദ്ധതികൾ പ്രകാരം 12,943 ഗുണഭോക്താക്കൾക്കായി 137,55,63,381/- രൂപ വിതരണം ചെയ്തിട്ടുണ്ട്. |
| (സ) | കോർപ്പറേഷൻെറ പരിധിയിലുള്ള ദുർബല വിഭാഗത്തിൽപ്പെട്ട ഗുണഭോക്താക്കൾക്ക് കടാശ്വാസ പദ്ധതി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ? | | കോർപ്പറേഷനിൽ നിന്നും വായ്പയെടുത്ത് കാലാവധി കഴിഞ്ഞിട്ടും തിരിച്ചടയ്ക്കാൻ കഴിയാത്ത ഗുണഭോക്താക്കൾക്ക് ആശ്വാസം നൽകുന്നതിനായി ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു. അപ്രകാരം കുടിശ്ശിക തീർക്കുന്ന ഗുണഭോക്താക്കൾക്ക് പിഴപ്പലിശ പൂർണ്ണമായും ഒഴിവാക്കി നൽകുവാനാണ് ഉദ്ദേശിക്കുന്നത്. |

സെക്ഷൻ ഓഫീസർ.